**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **09-08-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ സോളാർ പാനൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനൽ ചെയ്യുന്ന പദ്ധതിയുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ; | (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലുമായി ആകെ 56 ലൊക്കേഷനു കളിലായി 455 കിലോവാട്ട് ശേഷിയുള്ള പുരപ്പുറ സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആകെ 3 കോടി രൂപയാണ് മേല്പറഞ്ഞ പദ്ധതിക്കായി അനുവദിച്ചിരി- ക്കുന്നത്. പ്രസ്തുത നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം ഏകദേശം 6.4 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും 510 ടൺ കാർബൺ ഡൈ ഓക്സൈഡ് ബഹിർഗിരണം കുറയ്ക്കുന്നതിനു സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഇ.ബി.എൽ. ഇ-ടെൻഡർ മുഖേന M/s ഇൻകെൽ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 38 ലൊക്കേഷനുകളിലായി 323 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന തിനായി സോളാർപാനൽ, ഇൻവെർട്ടർ, മൊഡ്യൂൾ മൗണ്ടിംഗ് സ്ട്രക്ച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 35 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. പ്രസ്തുത നിലയങ്ങളെ ഗ്രിഡുമായി ബന്ധിപ്പിക്ക ന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായ സാങ്കേതിക പരിശോധനകൾ നടന്നു വരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻ തന്നെ ഗ്രിഡുമായി ബന്ധിപ്പിച്ച വൈദ്യുതോൽപാദനം ആരംഭിക്കുന്നതാണ്.<br><br>പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന സ്ഥാപനങ്ങളിൽ സാങ്കേതിക പരിമിതികൾ ഉള്ളതിനാൽ പുതിയ സ്ഥാപനങ്ങൾ കണ്ടെത്തി സാങ്കേതിക സാധ്യതാപഠനം നടത്തേണ്ടതുണ്ട്. അതിൻപ്രകാരം കുറച്ചു സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അവശേഷിക്കുന്ന കപ്പാസിറ്റിക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ കൂടി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ സോളാർ പാനൽ ചെയ്ത ഓഫീസുകൾ / സ്കൂളുകൾ, ഇനി ചെയ്യാനുള്ളവ, അനുമതി ലഭിയ്ക്കാനുള്ളവ, ഇതുവഴി ലഭ്യമാക്കുന്ന വൈദ്യുതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ച സ്ഥാപനങ്ങളുടെ വിവരം (ആകെ 38 ലൊക്കേഷൻ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചവ-35, നിർമ്മാണം പുരോഗമിക്കുന്നവ-3) **അനുബന്ധം-I** ആയും സാങ്കേതിക പരിശോധന നടത്തി പുതിയതായി കണ്ടെത്തിയവ (7 ലൊക്കേഷൻ) **അനുബന്ധം-II** ആയും ചേർത്തിരിക്കുന്നു. അവശേഷിക്കുന്ന 88 കിലോവാട്ട് കപ്പാസിറ്റിക്കാവശ്യമായ സ്ഥാപനങ്ങൾ കണ്ടെത്തി ഇനി ചെയ്യുവാനുള്ളവയുടെ ലിസ്റ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ നിലയങ്ങളും സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം ഏകദേശം 6.4 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br><br>താഴെപറയുന്ന സ്ഥാപനങ്ങളിൽ അനെർട്ട് മുഖേന സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.<br><br>ഗവ. എം. എം. എസ്. കോളേജ് മലയിൻകീഴ് – 30 കിലോവാട്ട്<br><br>ഗവ. എൽ. പി. സ്കൂൾ കുളത്തുമ്മൽ - 3 കിലോവാട്ട് |

സെക്ഷൻ ഓഫീസർ

9

അനുബന്ധം - I

Annexure-I

| List of schools /Govt.offices in Kattakada LAC where installation of solar plants Completed and testing works in progress. | | | |
|---|---|---|---|
| SL.No | NAME OF INSTITUTION | CAPACITY (kWp) | REMARKS |
| 1 | MALAYINKIL L P B S | 4 | Installation work completed and final commissioing work ongoing |
| 2 | GLPS MACHAL | 5 | |
| 3 | ANTHIYOORKONAM L F H S | 5 | |
| 4 | KATTAKADA KRISHI BHAVAN | 2 | |
| 5 | KATTAKKADA P.R WILLIAM H S S | 4 | |
| 6 | KATTAKADA POLICE STATION | 5 | |
| 7 | KULATHUMMAL L P S | 5 | |
| 8 | VILAPPIL VILLAGE OFFICE | 2 | |
| 9 | VILAVOORKKAL HOMEO HOSPITAL | 3 | |
| 10 | VILAPPILSALA UPS | 3 | |
| 11 | VILAPPIL PANCHAYATH | 8 | |
| 12 | NEMOM U P S | 4 | |
| 13 | NEMOM VICTORY V H S S | 9 | |
| 14 | PANCHAYATH KRISHIBHAVAN | 4 | |
| 15 | KANNANCODE MSCLPS | 2 | |
| 16 | PALLICHAL AYURVEDA HOSPITAL | 3 | |
| 17 | POLICE STATION NARUVAMOOD | 9 | |
| 18 | VILVOORKKAL PHC | 10 | |
| 19 | GVHSS MALAYINKIL | 10 | |
| 20 | VILAVOORKAL GOVT.HSS | 15 | |
| 21 | MALAYINKEEZHU GOVT. GIRLS H S S | 15 | |
| 22 | MALAYINKEEZHU TALUK HOSPITAL | 30 | |
| 23 | GLPS OORUTTAMBALAM | 10 | |
| 24 | OORUTTAMBALAM U P S | 15 | |
| 25 | MARANALLOOR D V M N N M H S S | 20 | |
| 26 | NEMOM VICTORY G H S S | 12 | |
| 27 | MARANALLOOR PANCHAYATH | 4 | |
| 28 | MARANALLOOR PHC | 5 | |
| 29 | PEYAD St. XAVIERS HSS | 15 | |
| 30 | KULATHUMMAL GOVT.HSS | 20 | |
| 31 | KSRTC KATTAKADA | 10 | |
| 32 | VILAPPIL LPS | 5 | |
| 33 | TURUTHUMMOOLA LPS | 5 | |
| 34 | KATTAKADA PR WILLIAM HS | 10 | |
| 35 | AMACHAL FHC | 20 | Total -308kW |
| 36 | KOCHAPURAM,St.MATHEWS LPS | 2 | Installation work will start on 2nd week of August 2023-Total 15kWP |
| 37 | GLPS MYLAM | 3 | |
| 38 | KUNDALA GOVT.HIGH SCHOOL | 10 | |
| | Total | 323 | |

സെക്ഷൻ ഓഫീസർ

അനുബന്ധം -II

Annexure-2

List of schools /Govt.offices in Kattakada LAC having feasibilty of solar plants (newly identified and proposed )

| SL.No | NAME OF INSTITUTION | CAPACITY (kWp) | REMARKS |
|---|---|---|---|
| 1 | ITI MALAYINKIL | 20 | Newly identified sites |
| 2 | KSEB KATTAKADA | 5 | |
| 3 | NSS HS CHOWALLOOR | 4 | |
| 4 | KSRTC KATTAKADA ADDITIONAL CAPACITY | 5 | |
| 5 | KPMHS KRISHNAPURAM | 5 | |
| 6 | PANCHAYATH BUILDING MALAYINKEEZHU | 3 | |
| 7 | MOODANTHIKARA ANGANAVADY MARANALLOR | 2 | |
| | Total | 44 | |

സെക്ഷൻ ക്ലർക്ക്